**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 927** **11-02-2025 - ൽ മറുപടിയ്ക്ക്**

**മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകിയ കത്തിന് വനം വകുപ്പ് സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മലയോര ഹൈവേ അലൈൻമെന്റിൽ നിന്നും ഒഴിവാക്കിയ ആറാം മൈൽ-എളംപ്ലാശ്ശേരി-കുരുത്തിക്കുടി റീച്ചിലെ പ്രവൃത്തി സംബന്ധിച്ച് മൂവാറ്റുപുഴ-ഇടുക്കി ഡിവിഷനിലെ കെ.ആർ.എഫ്.ബി പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും 23.12.2024 തീയതിയായി കെ.ആർ.എഫ്.ബി-പി.എം.യു./എം.വി.പി.എ-ഐ.ഡി.കെ/എച്ച്.എച്ച്./2021 എന്ന നമ്പറിൽ മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകിയ കത്തിൽ വനം വകുപ്പ് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (എ) | പ്രസ്തുത കത്തിന് മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, 01.1.2025-ലെ എം.1- 2512/2021-ാം നമ്പർ കത്ത് പ്രകാരം ചുവടെ വിവരിക്കുന്ന തരത്തിൽ മറുപടി നൽകുകയുണ്ടായി.<br><br>മലയോര ഹൈവേയുടെ ഭാഗമായ ആറാം മൈൽ മുതൽ എളംപ്ലാശ്ശേരി വരെയുള്ള വനത്തിലൂടെയുള്ള 9 കി.മീ റോഡ്, 1980 ന് മുമ്പ് നിലവിലുണ്ടായിരുന്നതിനാൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിയമങ്ങൾക്ക് വിധേയമായി വനം വകുപ്പിന്റെ അനുമതിയോടെ അറ്റകുറ്റപണികൾക്കും പരിപാലനത്തിനും പി.ഡബ്ല്യൂ.ഡി.ക്ക് അനുമതി നൽകിയിട്ടുള്ളതാണ്. എളംപ്ലാശ്ശേരി ചെക്ക്പോസ്റ്റ് മുതൽ കുറത്തിക്കുടി വരെയുള്ള 9 കി.മീ. റോഡ് പൂർണമായും വനത്തിനുള്ളിലൂടെ മാത്രമാണ് കടന്നുപോകുന്നത്. നിലവിൽ ഇവിടെ താമസിക്കുന്ന, ആദിവാസി സമൂഹത്തിൽപ്പെട്ട ജനവിഭാഗങ്ങളും, വന സംരക്ഷണത്തിൽ ഏർപ്പെടുന്ന വനം ഉദ്യോഗസ്ഥരുമാണ് പ്രസ്തുത റോഡ് ഉപയോഗിച്ച് വരുന്നത്. ടി പാത മലയാറ്റൂർ-ഇടിയറ റിസർവ്വിന്റെ ഭാഗവും, വന്യമൃഗങ്ങളുടെ വിഹാര കേന്ദ്രവുമാണ്. കൂടാതെ ഈ പാതയുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ WP(C)-7525/2020,WP(C)-25663/2020, WP(C)-36141/2023 എന്നീ കേസുകൾ നിലനിൽക്കുന്നതുമാണ്. മേൽ കാരണങ്ങളാൽ ടി പാത പുനർ ഗതാഗതയോഗ്യമാക്കുന്നതിനും തുറന്ന് തരുന്നതിനും സാധിക്കുകയില്ല. |
| (ബി) | ഇതു സംബന്ധിച്ച് വനം വകുപ്പ് (ഡി എഫ് ഒ -മൂന്നാർ) കെ.ആർ.എഫ്.ബി- ക്ക് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത കത്തിന് മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, 01.1.2025-ലെ എം.1- 2512/2021-ാം നമ്പർ കത്ത് പ്രകാരം ചുവടെ വിവരിക്കുന്ന തരത്തിൽ മറുപടി നൽകുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | മലയോര ഹൈവേയുടെ ഭാഗമായ ആറാം മൈൽ മുതൽ എളംപ്ലാശ്ശേരി വരെയുള്ള വനത്തിലൂടെയുള്ള 9 കി.മീ റോഡ്, 1980 ന് മുമ്പ് നിലവിലുണ്ടായിരുന്നതിനാൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിയമങ്ങൾക്ക് വിധേയമായി വനം വകുപ്പിന്റെ അനുമതിയോടെ അറ്റകുറ്റപണികൾക്കും പരിപാലനത്തിനും പി.ഡബ്ല്യൂ.ഡി.ക്ക് അനുമതി നൽകിയിട്ടുള്ളതാണ്. എളംപ്പാശ്ലേരി ചെക്ക്പോസ്റ്റ് മുതൽ കുറത്തിക്കുടി വരെയുള്ള 9 കി.മീ. റോഡ് പൂർണമായും വനത്തിനുള്ളിലൂടെ മാത്രമാണ് കടന്നുപോകുന്നത്. നിലവിൽ ഇവിടെ താമസിക്കുന്ന, ആദിവാസി സമൂഹത്തിൽപ്പെട്ട ജനവിഭാഗങ്ങളും, വന സംരക്ഷണത്തിൽ ഏർപ്പെടുന്ന വനം ഉദ്യോഗസ്ഥരുമാണ് പ്രസ്തുത റോഡ് ഉപയോഗിച്ച് വരുന്നത്. ടി പാത മലയാറ്റൂർ-ഇടിയറ റിസർവ്വിന്റെ ഭാഗവും, വന്യമൃഗങ്ങളുടെ വിഹാര കേന്ദ്രവുമാണ്. കൂടാതെ ഈ പാതയുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ WP(C)-7525/2020,WP(C)-25663/2020, WP(C)-36141/2023 എന്നീ കേസുകൾ നിലനിൽക്കുന്നതുമാണ്. മേൽ കാരണങ്ങളാൽ ടി പാത പുനർ ഗതാഗതയോഗ്യമാക്കുന്നതിനും തുറന്ന് തരുന്നതിനും സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ